പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3989 | 11.11.2019 -ൽ മറുപടിക്ക്.

## പ്രളയബാധിതർക്ക്സൗജന്യ റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) 2019-ലെ പ്രളയ ബാധിതർക്കായി സർക്കാർ അനുവദിച്ച സൗജന്യ റേഷൻ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ താമസക്കാർക്കാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) 2019-ലെ പ്രളയ ബാധിതർക്കായി സർക്കാർ അനുവദിച്ച സൗജന്യ റേഷൻ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രളയ ബാധിതമായി പ്രഖ്യാപിച്ചിരുന്ന എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ വില്ലേജുകളിലെ റേഷൻ കാർഡുടമകൾക്കാണ് അനുവദിച്ചിരുന്നത്. |
| (ബി) സൗജന്യ റേഷൻ അനുവദിച്ച കൊണ്ടുള്ള ഉത്തരവ് സെപ്റ്റംബർ മാസം ആദ്യവാരത്തിനു ശേഷം മാത്രമാണ് നൽകിയത് എന്നതിനാൽ തികച്ചും നിർധനരായ നിരവധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാതെ പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ ഇത്തരക്കാർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; എങ്കിൽ എന്നു മുതൽ നൽകാനാകുമെന്ന് വ്യക്തമാക്കാമോ ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയബാധിതർക്ക് എ.എ.വൈ / മുൻഗണനാ വിഭാഗങ്ങളിലെ നീക്കിയിരിപ്പ് ഉപയോഗിച്ച് സൗജന്യ റേഷൻ വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആയതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രളയ ബാധിത പ്രദേശങ്ങളിലെ മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര നോൺ സബ്സിഡി കാർഡുടമകൾക്ക് 2019 സെപ്റ്റംബർ മാസത്തെ റേഷൻ വിഹിതം മാത്രം സൗജന്യമായി അനുവദിച്ചുകൊണ്ട് 06.09.2019 ലെ സ.ഉ (കൈ) നം.28/2019/ഭ.പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. റേഷൻ വിതരണ സംവിധാനത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുക്കുമ്പോൾ പ്രസ്തുത ആനുകൂല്യം ലഭിക്കാത്തവർക്ക് ആയത് നിലവിൽ അനുവദിക്കുന്നത് പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**